(ബി) രണ്ട് വർഷത്തെ കോൺട്രാക്ട് വ്യവസ്ഥയിലാണ് നിയമനം നടത്തിയത്, പത്രപരസ്യം നൽകി അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തിയശേഷമാണ് നിയമനം നടത്തിയിട്ടുള്ളത്.

(സി) 1. ഫൈനാൻസ് മാനേജർ, ശ്രീ. ജി. ഗണേഷ് കുമാർ
2. ബിസിനസ് മാനേജർ, ശ്രീ. ഗിരീഷ് ജി. നായർ
3. പ്ലാനിംഗ് ഓഫീസർ, ശ്രീ. പി. സുജിത് ബാബു

(ഡി) പർച്ചേസ് മാനേജരെ നിയമിച്ചിട്ടില്ല.

(ഇ)-(എച്ച്) ബാധകമല്ല.

41 (565) സംഘങ്ങളിൽ കെട്ടിക്കിടക്കുന്ന കയർ

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൽപ്പാദിപ്പിക്കപ്പെട്ട മുഴുവൻ കയറും വാങ്ങാതെ നാമമാത്രം കയറേ കയർ സഹകരണ സംഘങ്ങളിൽ നിന്നും കയർഫെഡ് വാങ്ങുന്നുള്ളൂവെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയർഫെഡിൽ കയർ എത്തിക്കും മുൻപ് അനുമതി വാങ്ങണമെന്നും സംഘങ്ങളിൽ എത്ര ശേഖരം ഉണ്ടെങ്കിലും വള്ളത്തിലോ ലോറിയിലോ ഒരു ലോഡ് കയർ മാത്രമേ കയർഫെഡ് വാങ്ങുകയുള്ളൂവെന്നും നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) കയർഫെഡിന്റെ ഈ നടപടിമൂലം സംഘങ്ങളിൽ കയർ വിറ്റഴിക്കാതെ കെട്ടിക്കിടക്കുകയും തൊഴിലാളികൾക്ക് മാസങ്ങളോളം വേതനം നൽകാതെയിരിക്കുകയും ചെയ്തിട്ടും സർക്കാർ പ്രശ്ന പരിഹാരത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഇ) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ സ്വീകരിക്കാതിരുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. പ്രാഥമിക കയർ സഹകരണ സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ യാണിന്റെ 88 ശതമാനവും കയർഫെഡ് വാങ്ങുന്നുണ്ട്.

(ബി) ഇല്ല. പ്രൈമറി കയർ സംഘങ്ങൾ കൊണ്ടുവരുമ്പോൾ കയർ ഇറക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി കയർ ഇറക്കുന്നതിന് മുൻകൂർ അനുവാദം വാങ്ങണമെന്ന് നിർദ്ദേശം നൽകാറുണ്ട്. അല്ലാതെ മറ്റു നിബന്ധനകൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല.

(സി) ഇത്തരം പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല.

42 (566) "വികലാംഗ സർവ്വേ"

<u>ശ്രീ. എ. അലിഹസ്സൻ</u> :
<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.പി. ബാലൻ വൈദ്യർ :

ശ്രീ. വി.കെ. ചന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികലാംഗ സർവ്വേ നടത്തുന്നതിനായി ബന്ധപ്പെട്ട എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വികലാംഗത്വം സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റുകൾ കിട്ടാനുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സർക്കാർ സർവ്വീസിൽ വികലാംഗർക്കുള്ള സംവരണ നിയമനം സംബന്ധിച്ച ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്ത് വികലാംഗർക്കായുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി സുഗമമാക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 18-12-1999-ൽ നടന്ന പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് പ്രകാരമുള്ള സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം പഞ്ചായത്തു തലത്തിലും, 2001-ലെ സെൻസസിനോടൊപ്പവും വികലാംഗ സർവ്വേ നടത്താൻ കഴിയുമോ എന്ന കാര്യം പരിശോധിക്കണമെന്ന് തീരുമാനിച്ചിരുന്നു. അതിൻ പ്രകാരം 2001-ലെ സെൻസസിനോടൊപ്പം വികലാംഗ സർവ്വേ നടത്തുന്നതിന് സെൻസസ് രജിസ്ട്രാറോട് ആവശ്യപ്പെട്ടു എങ്കിലും അംഗീകരിക്കപ്പെടുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള പ്ലാൻ ഫണ്ടിൽ നിന്ന് തുക ചെലവാക്കി പഞ്ചായത്തുതലത്തിൽ തന്നെ വികലാംഗ സർവ്വേ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള കാലതാമസം ഒഴിവാക്കുന്നതിലേക്കായി കൂടുതൽ ക്യാമ്പയിനുകൾ സംഘടിപ്പിക്കുകയും ആഴ്ചയിൽ ഒരു മെഡിക്കൽ ബോർഡ് കൂടി 25 സർട്ടിഫിക്കറ്റുകൾ നല്കി വന്നിരുന്നത് മാറ്റി ഇപ്പോൾ 2 ബോർഡ് കൂടുകയും 50 സർട്ടിഫിക്കറ്റുകൾ വരെ നൽകുകയും ചെയ്തു വരുന്നു.

എറണാകുളം ജില്ലയിൽ 19-2-2000ൽ വികലാംഗ കുട്ടികൾക്ക് സർട്ടിഫിക്കറ്റു നൽകുന്നതിനായി ഒരു സ്പെഷ്യൽ മെഡിക്കൽ ബോർഡ് കൂടുകയുണ്ടായി. എല്ലാ ശനിയാഴ്ചയും 50 കുട്ടികളടങ്ങിയ ഓരോ ബാച്ചിന് വീതം മെഡിക്കൽ സർട്ടിഫിക്കറ്റു നൽകുന്നതിനായി സ്പെഷ്യൽ ക്യാമ്പുകൾ കൂടാൻ തീരുമാനിച്ചിട്ടുണ്ട്. 13-2-2000-ൽ കണ്ണൂർ പാപ്പിനിശ്ശേരിയിൽ വികലാംഗക്ഷേമ കോർപ്പറേഷൻ സഹായോപകരണങ്ങൾ നൽകാനായി നടത്തിയ

LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യൽ ക്യാമ്പിനോടനുബന്ധിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിരുന്നു. എല്ലാ ജില്ലകളിലും ഇപ്രകാരം ക്യാമ്പുകൾ സംഘടിപ്പിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

(ഇ) ഉണ്ട്. ആദ്യപടി എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ വികലാംഗകർക്ക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. കാർഡിന് അപേക്ഷിക്കുന്ന എല്ലാ അർഹരായ വികലാംഗർക്കും ഈ വർഷം തന്നെ തിരിച്ചറിയൽ കാർഡ് നൽകണമെന്ന് ലക്ഷ്യമിട്ടിരിക്കുന്നു. ഈ വർഷം 50,000 കാർഡുകൾ നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. മറ്റ് ജില്ലകളിലെ തിരിച്ചറിയൽ കാർഡ് വിതരണം ഘട്ടം ഘട്ടമായി നടപ്പാക്കുന്നതാണ്.

(എഫ്) ഉണ്ട്. ക്ലാസ് 3, ക്ലാസ് 4 വിഭാഗങ്ങളിലായി 1998-ൽ 474 തസ്തികകളും 1999-ൽ 382 തസ്തികകളും വികലാംഗർക്ക് നിയമനത്തിനായി സംവരണം ചെയ്തിട്ടുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള സെലക്ഷൻ കമ്മിറ്റി നേരിട്ടാണ് ഈ തസ്തികകളിലേക്ക് നിയമനം നടത്തുന്നത് (14-7-1998-ലെ ജി.ഒ.(പി)20/98/പി ആന്റ് എആർഡി ഉത്തരവ് പ്രകാരം) ഈ തസ്തികകളിൽ എത്രയും വേഗം നിയമനം നടത്തണമെന്ന് ജില്ലാ കളക്ടർമാർക്കും ഒഴിവുകൾ എത്രയും വേഗം ജില്ലാ കളക്ടർമാരെ അറിയിക്കണമെന്ന് വകുപ്പുതലവൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ജി) വികലാംഗർക്ക് പേര് രജിസ്റ്റർ ചെയ്യുന്നത് സുഗമമാക്കാൻ വേണ്ടി സഞ്ചരിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്ഥാപിക്കണമെന്ന ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

43 (567) വനിതാ കമ്മീഷന്റെ റിപ്പോർട്ടുകൾ

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷൻ നാളിതുവരെ എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്; അവയിൽ ഏതെല്ലാം റിപ്പോർട്ടിലെ ഏതെല്ലാം ശുപാർശകൾ അല്ലെങ്കിൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളിലെ അപര്യാപ്തതമൂലം സ്ത്രീകളനുഭവിക്കുന്ന ദുരിതങ്ങൾ പരിഹരിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടിരുന്നോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(സി) വിവാഹ മോചിതരായ സ്ത്രീകൾക്ക് ജീവനാംശം കൊടുക്കുന്നതിനുള്ള നിയമ വ്യവസ്ഥ ഏർപ്പെടുത്തണമെന്ന് വനിതാ കമ്മീഷന്റെ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നോ; ഉണ്ടെങ്കിൽ എന്തു നടപടി കൈക്കൊണ്ടു എന്ന് വിശദമാക്കുമോ;

(ഡി) ബലാൽസംഗം തടയാനുള്ള നിയമ ഭേദഗതി ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 34 ശുപാർശകൾ. മദ്യനിരോധന നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്ന ശുപാർശ സംബന്ധമായി വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. ബസ്സുകളിൽ സ്ത്രീകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന ശുപാർശയിൻമേൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപികമാർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച നിർദ്ദേശം പരിശോധിച്ച് കെ.ഇ.ആറിന്റെ വ്യവ

LIBRARY ARCHIVES Kerala Legislative Assembly